"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സി.എസ്.ഐ.എൻ. വകുപ്പ് - പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) വികസനം- ആക്കുളം - കൊല്ലം സ്പെച്ചിൽ സാമ്പത്തിക വികസന മേഖലകൾ വികസിപ്പിക്കുന്നതിനായി 70.7 ഏക്കർ ഭൂമി ഏറ്റെടുക്കൽ - കിഫ്ബി ധനസഹായം ലഭ്യമാക്കുന്നത് - തത്വത്തിലുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്

സ.ഉ.(കൈ) നം.3/2023/CSIND തീയതി,തിരുവനന്തപുരം, 16-02-2023

പരാമർശം:- 1. സ.ഉ.(സാധാ) നം.16/2022/സി.എസ്.ഐ.എൻ.ഡി, തീയതി 28/7/2022.

2. കിൽ, ചീഫ് എഞ്ചിനിയറുടെ 21/11/2022 ലെ CE/KWIL/69/2021-22 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ ജലപാതാ നിലവാരത്തിൽ വെസ്റ്റ്കോസ്റ്റ് കനാൽ വികസിപ്പിക്കുക എന്നത് സർക്കാർ മുൻഗണന നല്കി നടപ്പാക്കുന്ന പദ്ധതികളിലൊന്നാണ്. ഉൾനാടൻ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം, ജലഗതാഗതം, വിനോദസഞ്ചാരം എന്നിവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഇതിലൂടെ ലക്ഷ്യമിടുന്നു. പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ)-ന്റെ മുഴുവൻ വികസനത്തിനും, ഓരോ റീച്ചുകളുടെയും സാമ്പത്തിക വികസന സാധ്യതകൾ വിലയിരുത്തുന്നതിനും വേണ്ടി 616 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമതീര കനാലിനെ 13 റീച്ചുകളായി വിഭജിച്ച് ഓരോ റീച്ചിനും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനും ഓരോ റീച്ചിന്റെയും സാമ്പത്തിക വികസന സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തി ഫലങ്ങൾ സംയോജിപ്പിച്ച് മൊത്തത്തിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുമായി Transit Oriented Development and Assessment of Economic Development Opportunities എന്ന പേരിൽ ഏകദേശം 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പഠന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് പരാമർശം(1) പ്രകാരം തത്വത്തിൽ അനുമതി നല്കി ഉത്തരവായിരുന്നു.

2. വെസ്റ്റ് കോസ്റ്റ് കനാലിന്റെ ആക്കുളം-കൊല്ലം ഭാഗത്തെ (റീച്ച് 2) പഠനം പൂർത്തിയായിട്ടുണ്ടെന്നും, പ്രസ്തുത ഭാഗത്ത് 11 സാമ്പത്തിക വികസന സാധ്യതാ മേഖലകൾ (EDOs) സാമ്പത്തിക വികസന സാധ്യതാപഠനം നടത്തിയ ഏജൻസി കണ്ടെത്തിയിട്ടുണ്ടെന്നും, സാമ്പത്തിക വികസന സാധ്യതാ പദ്ധതികൾ (Potential EDOs) നടപ്പിലാക്കുന്നത് സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും കൂടുതൽ

നിക്ഷേപകരെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും സഹായിക്കും എന്നും മേൽ വികസന പദ്ധതികൾക്കായി കണ്ടെത്തിയ ഭൂരിഭാഗം ഭൂപ്രദേശങ്ങളും സ്വകാര്യ ഉടമസ്ഥതയിലായതിനാൽ ആദ്യപടിയായി വികസനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കേണ്ടതുണ്ടെന്നും, അതിനായി ആക്കുളത്തിനും കൊല്ലത്തിനും ഇടയിൽ കണ്ടെത്തിയിട്ടുള്ള 70.7 ഏക്കർ ഭൂമി 61.58 കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നല്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വെസ്റ്റ്കോസ്റ്റ് കനാൽ വികസനപദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് ആൻ ഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് സൂചന (2) പ്രകാരം ഒരു കൺസെപ്റ്റ് നോട്ട് സമർപ്പിച്ചിരുന്നു.

3. കൺസെപ്റ്റ് നോട്ട് പ്രകാരം 11 സാമ്പത്തിക വികസന സാധ്യതാമേഖലകൾ കൂടാതെ പനയിൽകടവ് മുതൽ മീരാൻകടവ് വരെയും മൊഞ്ചുക്കടവ് പാലം മുതൽ കായിക്കര വരെയും രണ്ടിടത്ത് നടപ്പാത നിർമിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ട്. നടപ്പാത നിർമ്മാണത്തിനായി കണ്ടെത്തിയ 8.20 ഏക്കർ ഭൂമിയിൽ ഭൂരിഭാഗം സ്ഥലവും പുറമ്പോക്ക് ഭൂമിയായതിനാൽ ടി. ഭൂമിയുടെ 50% (4.10 ഏക്കർ) മാത്രമേ ഏറ്റെടുക്കേണ്ടതായി വരുന്നുള്ളു. കൂടാതെ ചിലക്കൂരിൽ കനാൽ തീരത്ത് സർക്കാർ ഭൂമി ലഭ്യമായതിനാൽ ചിലക്കൂർ ടൂറിസം വികസനത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നില്ല. വിവിധ സാമ്പത്തിക വികസന സാധ്യതാമേഖലകളുടെയും, ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെയും, അതിനാവശ്യമായ തുകയുടെയും കണക്ക് താഴെപ്പറയും പ്രകാരമാണ് :

ക്രമ നം.	**സാമ്പത്തിക വികസന സാധ്യതാ മേഖലകൾ**	**ഭൂവിസ്തൃതി (ഏക്കർ)**	**നിരക്ക് (Rs./സെന്റ്) (ലക്ഷത്തിൽ)**	**ആകെ തുക (ലക്ഷത്തിൽ)**
1	ഹൈഡ്രജൻ ജനറേഷൻ പ്ലാന്റ് വിത്ത് സോളാർ ഇൻസ്റ്റലേഷൻസ്	3.75	1	375
2	ബോട്ട് മാനുഫാക്ചറിംഗ് & റിപ്പെയർ ഫെസിലിറ്റീസ്	2	0.75	150
3	അഗ്രി ടൂറിസം, ഇടവ	12	0.5	600
4	ഫിഷ് പാർക്ക്, പെരുമാതുറ	1.5	5	750
5	ചിലക്കൂർ ടൂറിസം ഡെവലപ്മെന്റ്	0	0	0
6	MICE ടൂറിസം, കഠിനംകുളം	25	1	2500
7	കൾച്ചറൽ ടൂറിസം, ഗോൾഡൻ ഐലന്റ്	2	0.75	150

8	സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റ്	3.75	1	375
9	കയർ ഇൻഡസ്ട്രിയൽ ക്ലസ്റ്റർ ഡെവലപ്മെന്റ്	6	0.75	450
10	മൾട്ടിമോഡൽ ട്രാൻസിറ്റ് ഹബ്, പരവൂർ	0.50	1	50
11	സ്ലൂപ്പ്, ഷെഡ്ഡർ യൂണിറ്റുകൾ	6	0.75	450
12	കനാൽ തീരത്തെ നടപ്പാത	4.10	0.75	308
ആകെ				**6158**

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സംസ്ഥാനത്ത് വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി രൂപീകരിച്ച, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) സമർപ്പിച്ച കൺസെപ്റ്റ് നോട്ട് പ്രകാരം വെസ്റ്റ് കോസ്റ്റ് കനാലിന്റെ ആക്കുളം - കൊല്ലം ഭാഗത്ത് (റീച്ച് -2) സാമ്പത്തിക വികസന മേഖലകൾ വികസിപ്പിക്കുന്നതിനായി ഏകദേശം 70.7 ഏക്കർ ഭൂമി 61.58 കോടി രൂപ ചെലവിൽ ഏറ്റെടുക്കുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അശോക് കുമാർ സിംഗ് ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ് , ആശ്രാമം, കൊല്ലം.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) കൊച്ചിൻ എയർപോർട്ട് പി. ഒ., കൊച്ചി.

ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL).

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

സ.ഉ.(കൈ) നം.3/2023/CSIND

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി.) വകുപ്പ്. (15/02/2023 ലെ ഇനം നമ്പർ 1373)

ധനകാര്യ വകുപ്പ് (Infra7/19/2022/Fin തീയതി 17/01/2023)

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 17-02-2023 10:28:15

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സെക്രട്ടറി (സി.എസ്.ഐ.എൻ.ഡി) യുടെ പി.എ.

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 15-02-2023

ഫയൽ നം. എ2/172/2022/സി.എസ്.ഐ.എൻ.ഡി. ഇനം നം: 1373

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് - പശ്ചിമതീര കനാലിന്റെ ആക്കുളം-കൊല്ലം സ്ട്രെച്ചിൽ സാമ്പത്തിക വികസന മേഖലകൾ വികസിപ്പിക്കുന്നതിനായി ക്വിൽ തയ്യാറാക്കിയ കൺസെപ്റ്റ് നോട്ട് പ്രകാരം 70.7 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 61.58 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്.

ASIyh
15/2/23

1373

കേരള സർക്കാർ

[ശ്രീ. പിണറായി വിജയൻ മന്ത്രിസഭ]

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നമ്പർ	:	എ 2/172/2022/സി.എസ്.ഐ.എൻ.ഡി.
2	വകുപ്പ്	:	കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്
3	വിഷയം	:	പശ്ചിമതീരകനാലിന്റെ ആക്കുളം-കൊല്ലം സ്വെച്ചിൽ സാമ്പത്തിക വികസന മേഖലകൾ വികസിപ്പിക്കുന്നതിനായി കിൽ തയ്യാറാക്കിയ കൺസെപ്റ്റ് നോട്ട് പ്രകാരം 70.7 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 61.58 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകുന്നത് - സംബ.
4	മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി	:	31/1/2023
5	(I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?	:	അതെ
	(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ?	:	ഉണ്ട്, ഉൾക്കൊള്ളിച്ചിട്ടുണ്ട്.
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ?	:	ഇല്ല
7	കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്	:	ശ്രീ. ജി. സുകുമാരൻ നായർ
8	കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്	:	ശ്രീ. അശോക് കുമാർ സിംഗ്
9	മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി	:	07-02-2023
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്.	:	ഡോ. വി. പി. ജോയ്.
11	മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	:	07-02-2023
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	:	ശ്രീ. പിണറായി വിജയൻ
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	:	09-02-2023
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	:	10-02-2023
15	മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	:	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും	:	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) തയ്യാറാക്കിയ കൺസെപ്റ്റ് നോട്ട് പ്രകാരം പശ്ചിമതീരകനാലിന്റെ ആക്കുളം - കൊല്ലം സ്ട്രെച്ചിൽ സാമ്പത്തിക വികസന മേഖലകൾ വികസിപ്പിക്കുന്നതിനായി 70.7 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 61.58 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ഉൾനാടൻ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം, ജലഗതാഗതം, വിനോദസഞ്ചാരം എന്നിവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ ജലപാതാ നിലവാരത്തിൽ വെസ്റ്റ്കോസ്റ്റ് കനാൽ വികസിപ്പിക്കുക എന്നത് സർക്കാർ മുൻഗണന നല്കി നടപ്പാക്കുന്ന പദ്ധതികളിലൊന്നാണ്. കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി വിവിധ റീച്ചുകളിലെ കനാൽ വികസനം, സ്ഥലം ഏറ്റെടുക്കൽ, പുനരധിവാസം എന്നിവയ്ക്കായി KIIFB ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ)-ന്റെ മുഴുവൻ വികസനത്തിനും, ഓരോ റീച്ചുകളുടെയും സാമ്പത്തിക വികസന സാധ്യതകൾ വിലയിരുത്തുന്നതിനും വേണ്ടി 616 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമതീര കനാലിനെ 13 റീച്ചുകളായി വിഭജിച്ച് ഓരോ റീച്ചിനും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനും ഓരോ റീച്ചിന്റെയും സാമ്പത്തിക വികസന സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തി ഫലങ്ങൾ സംയോജിപ്പിച്ച് മൊത്തത്തിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുമായി Transit Oriented Development and Assessment of Economic Development Opportunities എന്ന പേരിൽ ഏകദേശം 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പഠന പദ്ധതിയും കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിരുന്നു. ആക്കുളം - കൊല്ലം ഭാഗത്തെ (റീച്ച്-2) സാമ്പത്തിക വികസന സാധ്യതാ പഠനം പൂർത്തിയായതായും പഠനം നടത്തിയ

ഏജൻസി ആക്കുളം - കൊല്ലം ഭാഗത്ത് 11 സാമ്പത്തിക വികസന സാധ്യതാ മേഖലകൾ (EDOs) കണ്ടെത്തിയിട്ടുണ്ടെന്നും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള സാമ്പത്തിക വികസന സാധ്യതാ മേഖലകളുടെ (EDOs) ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. ഹൈഡ്രജൻ ജനറേഷൻ പ്ലാന്റ് വിത്ത് സോളാർ ഇൻസ്റ്റലേഷൻസ്
2. ബോട്ട് മാനുഫാക്ചറിംഗ് & റിപ്പെയർ ഫെസിലിറ്റീസ്
3. അഗ്രി ടൂറിസം, ഇടവ
4. ഫിഷ് പാർക്ക്, പെരുമാതുറ
5. ചിലക്കൂർ ടൂറിസം ഡെവലപ്മെന്റ്
6. MICE ടൂറിസം, കഠിനംകുളം
7. കൾച്ചറൽ ടൂറിസം, ഗോൾഡൻ ഐലന്റ്
8. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റ്
9. കയർ ഇൻഡസ്ട്രിയൽ ക്ലസ്റ്റർ ഡെവലപ്മെന്റ്
10. മൾട്ടിമോഡൽ ട്രാൻസിറ്റ് ഹബ്, പരവൂർ
11. സ്ക്രാപ്പ്, ഷെഡ്ഡർ യൂണിറ്റുകൾ

മേൽപ്പറഞ്ഞതിൽ ചിലക്കൂരിൽ കനാൽ തീരത്ത് സർക്കാർ ഭൂമി ലഭ്യമായതിനാൽ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നില്ല. 11 സാമ്പത്തിക വികസന സാധ്യതാമേഖലകൾ കൂടാതെ രണ്ടിടത്ത് പനയിൽകടവ് മുതൽ മീരാൻകടവ് വരെയും മൊഞ്ചുക്കടവ് പാലം മുതൽ കായിക്കര വരെയും നടപ്പാത നിർമിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശവും പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കണ്ടെത്തിയ 8.2 ഏക്കർ ഭൂമിയിൽ ഭൂരിഭാഗം സ്ഥലവും പുറമ്പോക്ക് ഭൂമിയായതിനാൽ മേൽപ്പറഞ്ഞ ആവശ്യത്തിനായി ടി. ഭൂമിയുടെ 50% (4.10 ഏക്കർ) മാത്രമേ ഏറ്റെടുക്കേണ്ടതായി വരുന്നുള്ളു.

3) ഗതാഗതം, വ്യവസായം, വ്യാപാരം, വിനോദസഞ്ചാരം എന്നീ മേഖലകളിൽ സാമ്പത്തിക വികസന അവസരങ്ങൾ സൃഷ്ടിക്കുന്നതിന് വെസ്റ്റ് കോസ്റ്റ് കനാലിന് വലിയ സാധ്യതയുള്ളതായി സാമ്പത്തിക വികസന സാധ്യതാ പഠനങ്ങൾ പ്രകാരം കാണുന്നുണ്ട്.

സാമ്പത്തിക വികസന സാധ്യതാ പദ്ധതികൾ (Potential EDOs) നടപ്പിലാക്കുന്നത് സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും കൂടുതൽ നിക്ഷേപകരെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും സഹായിക്കും വികസന പദ്ധതികൾക്കായി കണ്ടെത്തിയ ഭൂരിഭാഗം ഭൂപ്രദേശങ്ങളും സ്വകാര്യ ഉടമസ്ഥതയിലായതിനാൽ വികസനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കുക എന്നതാണ് ഈ പ്രക്രിയയുടെ ആദ്യപടി. അതിനായി ആക്കുളത്തിനും കൊല്ലത്തിനും ഇടയിൽ 70.7 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പശ്ചിമതീരകനാലിന്റെ ആക്കുളം - കൊല്ലം ഭാഗത്ത് (റീച്ച് -2) സാമ്പത്തിക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 70.7 ഏക്കർ ഭൂമി 61.58 കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകുന്നതിനായി വെസ്റ്റ്കോസ്റ്റ് കനാൽ വികസനപദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ഒരു കൺസെപ്റ്റ് നോട്ട് സമർപ്പിച്ചിട്ടുണ്ട്.

4) പദ്ധതിക്കാവശ്യമായ ഭൂമിയുടെയും അത് ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെയും താൽക്കാലിക കണക്ക് :

SI No	Economic Development opportunity	Area (Acres)	Rate (Rs./cent) (in Lakhs)	Total Amount (in Lakhs)
1	Hydrogen Generation Plants with Floating Solar	3.75	1	375
2	Boat Manufacturing & Repair facility	2	0.75	150
3	Agritourism at Edava	12	0.5	600
4	Fish Park at Perumathura	1.5	5	750
5	Chilakkoor Tourism Development	0	0	0
6	MICE Tourism at Kadinamkulam	25	1	2500
7	Cultural Tourism at Golden Island	2	0.75	150
8	Solid Waste Management plants	3.75	1	375

9	Coir Industrial Cluster Development	6	0.75	450
10	Multimodal Transit Hub at Paravoor	0.50	1	50
11	Scrap Shedder Units	6	0.75	450
12	Canal Walk *	4.10	0.75	308
	Total			**6158**

* കിൽ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം രണ്ട് സ്ഥലങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിന് ഏകദേശം 8.20 ഏക്കർ സ്ഥലം ആവശ്യമാണ്. എന്നാൽ ഇതിനായി കണ്ടെത്തിയ ഭൂരിഭാഗം സ്ഥലവും പുറമ്പോക്ക് ഭൂമിയായതിനാൽ മേൽപ്പറഞ്ഞ ആവശ്യത്തിനായി 50% ഭൂമി (4.10 ഏക്കർ) മാത്രമേ ഏറ്റെടുക്കേണ്ടതായി വരുന്നുള്ളു.

5) കിൽ തയ്യാറാക്കിയ കൺസെപ്റ്റ് നോട്ട് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ താഴെപ്പറയും പ്രകാരം അറിയിക്കുകയുണ്ടായി :

'Finance' recommends the proposal. Detailed studies for projects in different land areas will come through the PPP route. However, the land shall be acquired quickly.

6) അതിൻപ്രകാരം, കിൽ സമർപ്പിച്ച കൺസെപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ ആക്കുളം - കൊല്ലം ഭാഗത്ത് (റീച്ച് -2) സാമ്പത്തിക വികസന മേഖലകൾ വികസിപ്പിക്കുന്നതിനായി / നടപ്പിലാക്കുന്നതിനായി ഏകദേശം 70.7 ഏക്കർ ഭൂമി 61.58 കോടി രൂപ ചെലവിൽ ഏറ്റെടുക്കുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

തീരുമാനിക്കേണ്ട വിഷയം

സംസ്ഥാനത്ത് വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) സമർപ്പിച്ച കൺസെപ്റ്റ് നോട്ട് പ്രകാരം വെസ്റ്റ് കോസ്റ്റ് കനാലിന്റെ ആക്കുളം - കൊല്ലം ഭാഗത്ത് (റീച്ച് -2) സാമ്പത്തിക വികസന മേഖലകൾ വികസിപ്പിക്കുന്നതിനായി / നടപ്പിലാക്കുന്നതിനായി ഏകദേശം 70.7 ഏക്കർ ഭൂമി 61.58 കോടി രൂപ ചെലവിൽ ഏറ്റെടുക്കുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകാമോ ?